ഉത്തരം

2-12-2010-ലെ സർക്കാർ ഉത്തരവ് (പി) 249/10/പൊ.വി. പ്രകാരം കാസർഗോഡ് ജില്ലയിലെ ഒരു അൺഎയ്ഡഡ് സ്കൂളിന് അംഗീകാരം നൽകിയിട്ടുണ്ട്. കാസർഗോഡ് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധീനതയിൽ പ്രവർത്തിക്കുന്ന പുതിഗെ ഗ്രാമപഞ്ചായത്തിലെ 7-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന മുഹിമത്ത് ഹൈസ്കൂളിലെ എൽ.പി., യു.പി., ഹൈസ്കൂൾ വിഭാഗങ്ങൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്.

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിലേക്കായി സുനാമി ഫണ്ടിൽ നിന്നും അനുവദിച്ച തുക

44(733) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിലേക്കായി സുനാമി ഫണ്ടിൽ നിന്നും എത്ര രൂപയാണ് അനുവദിച്ചിരുന്നത് ; ഏതൊക്കെ സ്കൂളുകൾക്ക് എത്ര രൂപയാണ് അനുവദിച്ചത് എന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര സ്കൂളുകളിൽ പണി പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ഇനി ഏതൊക്കെ സ്കൂളുകളിൽ എത്ര രൂപാ വീതം ചെലവഴിക്കാനുണ്ടെന്ന് അറിയിക്കുമോ ; പ്രസ്തുത തുക വിനിയോഗിച്ച് എത്രയും വേഗം പണി പൂർത്തീകരിക്കുവാൻ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1,70,20,000 രൂപ (ഒരു കോടി എഴുപത് ലക്ഷത്തി ഇരുപതിനായിരം രൂപ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു* :

(ബി) 6 സ്കൂളുകളിൽ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഇനി ചെലവഴിക്കാനുള്ള തുകയും സ്കൂളുകളും.

1.	ജി.എച്ച്.എസ്.പരവൂർ	247000
2.	ജി.യു.പി. എസ്. പരവൂർ	941585
3.	ജി.എൽ.പി.എസ്. കോട്ടപ്പുറം	454106
4.	കൂനയിൽ ജി.എൽ.പി.എസ്.	521560
5.	കുറുമണ്ടൽ യു.പി.എസ്.	908000

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

6.	ജി.ഡബ്ല്യു.എൽ.പി.എസ്. ഒഴികുപാറ	266555
7.	കുറുമണ്ണൽ ജി.എൽ.പി.എസ്.	234101
8.	കോട്ടപ്പുറം എച്ച്.എസ്.	1021268
9.	എസ്.എൻ.വി.ഗേൾസ്.എച്ച്.എസ്.	527395
10.	മുൻസിപ്പൽ യു.പി.എസ്. ആയിരവല്ലി, പരവൂർ	1260005
	ആകെ ചെലവഴിക്കാനുള്ള തുക	6381575

തദ്ദേശ ഭരണസ്ഥാപനങ്ങൾ മുഖേനയാണ് നിർമ്മാണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നത്. എത്രയും വേഗം പണികൾ പൂർത്തീകരിക്കുവാൻ പരവൂർ മുൻസിപ്പാലിറ്റിക്ക് ഡി.എൽ.എം.സി. നിർദ്ദേശം നൽകിയിട്ടുണ്ട്.

സർക്കാർ വിദ്യാലയങ്ങളിൽ ഗേൾസ് ഫ്രണ്ട്ലി ടോയ്ലറ്റും യൂറിനൽ കോംപ്ലക്സും നിർമ്മിക്കുന്നതിന് നടപടി

48(734) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ ജില്ലകളിലെ സർക്കാർ വിദ്യാലയങ്ങളിൽ സംസ്ഥാന ശുചിത്വ മിഷന്റെ സാങ്കേതിക സഹായത്തോടെ ഗേൾസ് ഫ്രണ്ട്ലി ടോയ്ലറ്റും യൂറിനൽ കോംപ്ലക്സും നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ കോഴിക്കോട് ജില്ലയിൽ എത്ര വിദ്യാലയങ്ങളിലാണ് ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; ഏതെല്ലാം വിദ്യാലയങ്ങളെയാണ് ഇതിനായി തെരഞ്ഞെടുത്തത് ;

(ബി) പ്രസ്തുത പദ്ധതിയിൽ എയ്ഡഡ് വിദ്യാലയങ്ങളെയും പരിഗണിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കോഴിക്കോട് ജില്ലയിൽ താഴെപറയുന്ന 14 ഗവൺമെന്റ് സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് :

1. ഗവൺമെന്റ് എച്ച്.എസ്സ്.എസ്സ്. ബേപ്പൂർ,
2. ജി.ജി.വി.എച്ച്.എസ്സ്.എസ്സ്., ഫറോക്ക്
3. ജി.എം. യു.പി. എസ്, നല്ലളം,
4. ഗവൺമെന്റ് എച്ച്.എസ്സ്.എസ്സ്. അഴിയൂർ,
5. ഗവൺമെന്റ് എസ്.എച്ച്.എസ്സ്.എസ്സ്. വടകര
6. ഗവൺമെന്റ് എച്ച്.എസ്സ്.എസ്സ്. ചോറോട്,
7. ഗവൺമെന്റ് എച്ച്.എസ്സ്.എസ്സ്, പുതുർ, വടകര

LIBRARY ARCHIVES Kerala Legislative Assembly